# പോരുന്നോ കടലു കാണാൻ പൊന്നാനിക്ക്?



**സിനിമയും സംസ്കാരവും**

സിവിക് ചന്ദ്രൻ

**രാഷ്ട്രീയ ഇസ്‌ലാമും സാംസ്കാരിക ഇസ്‌ലാമും തമ്മിൽ രൂപപ്പെട്ടു വരേണ്ടുന്ന ഡയലറ്റിക്സിലാണ് ഇസ്‌ലാമിന്റെ ഭാവി. 'സൂഫി പറഞ്ഞ കഥ' എന്ന ചലച്ചിത്രം ഉണർത്തുന്ന സാംസ്കാരിക ആകാംക്ഷകളെപ്പറ്റി.**

### സീൻ 36 എ

കളിയും തമാശയും മാറി ഒരു പ്രത്യേക ഭാവത്തിൽ കാർത്തി മാമൂട്ടിയെ നോക്കുന്നു. രണ്ടു പേരും അൽപ്പം വിവശരാകുന്നു.

കാർത്തി: നിങ്ങൾ എവിടുന്നാ?

മാമൂട്ടി: ദൂരെ, പുഴയുടെ അക്കരെ പൊന്നാനീന്നാ. കടലിന്റെ അടുത്താ.

കാർത്തി: ഞാൻ കടല് കണ്ടിട്ടില്ല.

മാമൂട്ടി: കണ്ണെത്താത്ത വെള്ളം, ഇമ്മിണി വെല്യ തെരയും ഉണ്ടാവും.

കാർത്തി കൂടുതൽ വികാരവിവശയാകുന്നു.

മാമൂട്ടി: പോരുന്നോ കടലു കാണാൻ പൊന്നാനിക്ക്?

അവൾ അർധ സമ്മതത്തോടെ നോക്കുന്നു.

മാമൂട്ടി: ഉം.

കാർത്തി: (ആലോചിച്ച്) ഇപ്പഴില്ല (ചിരിച്ച് നാണിച്ച് ഓടിപ്പോകുന്നു.)

### സീൻ 41

മാമൂട്ടി: നടന്ന് കാലു കഴച്ചാ?

കാർത്തി: (ചിരിച്ച് ആഹ്ളാദവതിയായി) ഏയ്

അവർ കുലംകുത്തിയൊഴുകുന്ന ഭാരതപ്പുഴയുടെ കരയിലെത്തുന്നു. കാർത്തി കുറച്ചു നേരം പുഴയെ നോക്കി നിൽക്കുന്നു.

മാമൂട്ടി: (തന്റെ തോള് കാണിച്ചുകൊണ്ട്) പേടികണ്ടാ, കയറിക്കോ. നിന്നേം പേറി ഞമ്മള് രണ്ട് മറി പുഴ കടക്കും.

കാർത്തി: ശരിയാ. പക്ഷേ, പുഴയുടെ ഭ്രാന്ത് അത് അറില്ലല്ലോ. ഞാൻ വരുന്നുണ്ട്... അതിനു മുൻപ്. (ചുനങ്ങാതെയുള്ള ആത്മഗതം) പുഴ കടന്നില്ലെങ്കിലോ? വാത് വയ്ക്കാൻ എന്റെ ആശയ്ക്ക് വയ്യ.

---

കാർത്തിയുടേയും മാമൂട്ടിയുടേയും ശരീരങ്ങൾ സാവധാനം വേറിടുന്നു.

കാർത്തി: (എഴുന്നേറ്റിരുന്ന്) വരൂ, ഇനി പുഴയോ കടലോ എന്ത് വേണമെങ്കിലും കടക്കാം.

### സീൻ 44

മാമൂട്ടി: അപ്പളേയ്

കാർത്തി: ഉം

മാമൂട്ടി: പേര് മാറണ്ടേരും

കാർത്തി: ഉം

മാമൂട്ടി: വേഷോം മാറണ്ടേരും

കാർത്തി: ഉം

മാമൂട്ടി: അപ്പളേയ്, എല്ലാം മാറണ്ടേരും

കാർത്തി: മാറുന്നോര് മാറുന്നു. മാറ്റുന്നോരും മാറുന്നു. അതല്ലേ ലോകം?

മാമൂട്ടി: ഹും. വല്ലാത്തൊരു പടപ്പന്റെ പടച്ചോനെ!

### സീൻ 52

മാമൂട്ടി: എന്തെങ്കിലും കൊറവുണ്ടോ? ഇനിയെന്തെങ്കിലും? (ആകാംക്ഷയോടെ) എന്താണെങ്കിലും പറയ്. ഞമ്മള് നിവൃത്തിച്ചു തരാം. എന്തെങ്കിലുമുണ്ടോ?

കാർത്തി: ഉണ്ട്

മാമൂട്ടി: എന്താത്?

കാർത്തി: ഞാൻ ഉയിരിലണിഞ്ഞിരുന്ന ദൈവങ്ങൾ

മാമൂട്ടി: പ്രാർഥിക്കാൻ ഉടയതമ്പുരാനായ റബ്ബിനെ മുസ്‌ലിയാർ പരിചയപ്പെടുത്തി തന്നിട്ടില്ലേ, പിന്നെന്തിനാ?

കാർത്തി: പ്രാർഥിക്കാനല്ല, ഓർമിക്കാൻ.

### സീൻ 80

(പൊന്നാനി കടപ്പുറത്ത് ആളുകൾ കൂടി നിൽക്കുന്നതിന്റെ ഇടയിലേക്ക് മുസ്‌ലിയാർ ഓടിയോടി വരുന്നു)

എന്താണ്ടായേ, എന്താ കാര്യം?

ഒരു മൂപ്പൻ: ഇന്നലെ കാറ്റും കോളുമുണ്ടായി. ചാവക്കാട്ടുകാരും കൊടുങ്ങല്ലൂർക്കാരും ഒക്കെ മരിച്ചു.

മറ്റൊരു മൂപ്പൻ: നമ്മുടെ തോണീം മറിഞ്ഞെങ്കിലും പുന്നാരന്മാരെ ഒരു സ്ത്രീയുടെ മയ്യത്ത് രക്ഷിച്ചോണ്ടു പോന്നു.

മുസ്‌ല്യാർ: ങ്ഹേ?

മൂപ്പൻ: എന്നിട്ടാ മയ്യത്ത് കുഴിച്ചിട്ടപ്പോ ഖബറ് പൊങ്ങിപ്പൊങ്ങി വരാണ്.

ആളുകളെ വകഞ്ഞ് മാറ്റിയതിന്റെ ഇടയിൽനിന്ന് ഉയരമുള്ള ഖബറിന്റെ ദൃശ്യം തെളിയുന്നു. മുസ്‌ല്യാർ ദൃഷ്ടികൾ മേലോട്ടുയർത്തുന്നു.

മുസ്‌ല്യാർ: ബീവി, ബീവീ...

മുസ്‌ല്യാരുടെ മുഖം ഡിസോൾവ് ചെയ്തു കടപ്പുറത്ത് ജാറം ഉയർന്നു വരുന്നതിന്റെ ദൃശ്യം തെളിയുന്നു.

### സീൻ 81

സൂഫി: ഇതാണു മോനേ, ആദ്യത്തെ ബീവീടെ കഥ. പിന്നേയും ബീവിമാർ വന്നു. അവർടേം കഥകൾ കേൾക്കണ്ടേ?

കഥാകാരൻ: കേക്കണം.

സൂഫി: കഥ കേക്കണം. കഥ കേക്കാത്തോർ കഥയില്ലാത്തോരാകും. കഥയില്ലാത്തോർ നാടിനെ മുടിക്കേം ചെയ്യും.

സൂഫിയുടേയും കഥാകാരന്റെയും ജ്ഞാനസുന്ദരമായ മുഖങ്ങളുടെ ക്ലോസപ്പോടെ, അടുത്ത് തിയറ്ററിലെത്തുന്ന 'സൂഫി പറഞ്ഞ കഥ' (കഥയും തിരക്കഥയും കെ.പി. രാമനുണ്ണി, സംവിധാനം: പ്രിയനന്ദനൻ) എന്ന ചലച്ചിത്രം അവസാനിക്കുന്നു.

ചലച്ചിത്രത്തിന്റെ പ്രിവ്യൂ കണ്ടതിനു ശേഷം തിരക്കഥയിലൂടെ ഒന്ന് കണ്ണോടിക്കുന്നു. പെട്ടെന്നോർത്തത് സാംസ്കാരിക ഇസ്‌ലാം എന്ന ആശയത്തെക്കുറിച്ച് ആലോചിക്കാനിടയായ മറ്റൊരവസരത്തെക്കുറിച്ചാണ്. അന്തർദേശീയ ചലച്ചിത്രോത്സവത്തിന് തിരുവനന്തപുരം സ്ഥിരം വേദിയാകുന്നതിനു മുൻപ് കോ

ഴിക്കോട് അതു നടന്നപ്പോൾ ഒരു മലേഷ്യൻ ചലച്ചിത്രം കാണാനിടയായി. പേരോർമിച്ചെടുക്കാനാവുന്നില്ല. ഷേക്സ്പിയർ നാടകങ്ങൾ അവതരിപ്പിക്കുന്ന നഗരത്തിലെ ഒരു തിയറ്റർ സംഘം മലേഷ്യയിലെ ഗ്രാമ പ്രദേശങ്ങളുടെ പശ്ചാത്തലത്തിൽ അടുത്ത നാടകം ചെയ്യാൻ തീരുമാനിക്കുന്നു. വിദേശത്തുപോയി നാടക പരിശീലനം നേടിയിട്ടുള്ള ഒരു സംവിധായകൻ ഗ്രാമത്തിലെത്തിയപ്പോൾ അവിടെ നൃത്ത ക്ലാസ് നടത്തുന്ന ഒരു മുസ്ലിം പെൺകുട്ടിയെ പരിചയപ്പെടുന്നു. രണ്ടു പേർക്കും പരസ്പരം ഇഷ്ടമായി. പരസ്പരം സംവാദത്തിലേർപ്പെടാൻ താൽപ്പര്യവുമായി. ഇതിനിടയിൽ ഒരു മുരടൻ മൗലികവാദി നൃത്തക്ലാസിൽ വന്ന് അതു നിർത്തണം എന്നവളോട് ആവശ്യപ്പെടാറുണ്ടായിരുന്നു. അൽപ്പം ഭീഷണിയുടെ സ്വരത്തിൽ. അവൾ അയാളെ നേരിടുന്നതിങ്ങനെ: 'ഇസ്ലാം നിങ്ങളുടെ മാത്രമല്ല എന്റേയും മതമാണ്. എന്നാൽ എനിക്ക് നൃത്തവും സ്വന്തം മതം തന്നെ.' അവളുടെ ചെറുത്തുനിൽപ്പിനോടുള്ള ബഹുമാനം കൊണ്ടുകൂടിയാകാം, നമ്മുടെ സംവിധായകൻ നർത്തകിയോട് പ്രണയാഭ്യർഥന നടത്തുന്നു. അവളുടെ മറുപടി ഇങ്ങനെ: 'സോറി, ഞാൻ വിവാഹം നിശ്ചയിക്കപ്പെട്ടവളാണ്. ഇടയ്ക്കെന്റെ നൃത്തക്ലാസിൽ വന്ന് കലമ്പാറുള്ള ആ പോക്കിരിയാണെന്റെ പ്രതിശ്രുത വരൻ.'

തൃശൂരിൽ കഴിഞ്ഞ വർഷം നടന്ന ഒന്നാമത് അന്തർദേശീയ നാടകോത്സവത്തിൽ പാക്കിസ്ഥാന്റെ നാടകാവതരണവുമായി ബന്ധപ്പെട്ടു നടന്ന സാംസ്കാരിക സംഭാഷണവുമോർത്തു പോകുന്നു. അതിർത്തിയിൽ ഇന്ത്യയും പാക്കിസ്ഥാനുമായുള്ള സംഘർഷത്തിന്റെ പ്രതിദിന റിപ്പോർട്ടുകൾക്കിടയിലാണ് പാക്കിസ്ഥാനിൽനിന്നൊരു നാടകം വരുന്ന വാർത്ത ഹിന്ദു സംഘപരിവാർ സുഹൃത്തുക്കളെ പ്രകോപിപ്പിച്ചത്. ഇന്ത്യ-പാക്ക് ക്രിക്കറ്റ് മത്സരം അതിനിടയിൽ റദ്ദാക്കപ്പെട്ടിരുന്നു. പ്രകോപനപരമായി, നാടകം തടയും വിധം ഇടപെടാനുള്ള ശ്രമം അവസാന നിമിഷം ഒഴിവാക്കി ഹിന്ദു സംഘപരിവാർ സുഹൃത്തുക്കൾ ഒരു പ്രകടനമായി വായ് മൂടിക്കെട്ടി നാടകോത്സവപന്തലിലെത്തുന്നു. അവർക്ക് നാടക സംഘത്തെ കാണണം. നാടകക്കാർ വഴി പാക്കിസ്ഥാൻ സർക്കാരിനൊരു സന്ദേശം കൈമാറണം. ഇന്ത്യയെ തൊട്ടുകളിച്ചെന്നാൽ...നാടക സംഘം സന്തോഷത്തോടെ കത്ത് കൈപ്പറ്റുന്നു. പകരമവർ, അന്ന് അവർ അവതരിപ്പിക്കുന്ന നാടകം കാണാൻ ഹിന്ദു സുഹൃത്തുക്കളെ ക്ഷണിക്കുന്നു. ബുള്ളാഷാ എന്ന പാക് സൂഫിവര്യനെക്കുറിച്ചുള്ള നാടകമാണ് അവർ അവതരിപ്പിച്ചത്. ആടിയും പാടിയും യാന്ത്രികതയ്ക്കും യാഥാസ്ഥിതികത്വത്തിനും എതിരായുള്ള സൂഫി പോരാട്ടം അവർ അരങ്ങിൽ ആവിഷ്കരിക്കുകയായിരുന്നു. നാടകം കഴിഞ്ഞപ്പോൾ പാക്കിസ്ഥാൻ നാടക സംഘത്തെ ആദ്യം അഭിനന്ദിക്കാനെത്തിയത് ഹിന്ദു സംഘപരിവാർ സുഹൃത്തുക്കൾ. ഇതാണിസ്ലാമെങ്കിൽ, ഞങ്ങളെന്തിന് മുസ്ലിംകളെ എതിർക്കണം?



'സൂഫി പറഞ്ഞ കഥ'യിലെ ഒരു രംഗം

കേരളത്തിലും ആദ്യകാല ക്രിസ്ത്യാനികളെന്നപോലെ ആദ്യകാല മുസ്ലിംകളും അവരുടെ മതവിശ്വാസം മാറുമ്പോഴും മലയാളി എന്ന സ്വത്വം മറന്നിരുന്നില്ല. 1921-ലെ മാപ്പിള കലാപം സാമ്രാജ്യത്വത്തിന്റെ ഭാഷയായ ഇംഗ്ലിഷും ഫ്യൂഡൽ ജന്മിത്വത്തിന്റെ ഭാഷയായ സംസ്കൃതവുമുപേക്ഷിച്ച് 'മാപ്പിള മലയാളം' എന്നൊരു പുതിയ ഭാഷ തന്നെ സൃഷ്ടിച്ചു. ആ ഭാഷയിലെ സ്വന്തം മഹാകവിയേയും. മോയിൻകുട്ടി വൈദ്യരെ. ഒരേസമയം മുസ്ലിമും മലയാളിയുമായിരിക്കുക എന്ന സാംസ്കാരികാവസ്ഥയിൽ (ഇപ്പോഴും കേരള മുസ്ലിംകളിൽ ഭൂരിഭാഗവും പഴയ സുന്നികളാണ്) ഇടപെട്ടത് മറ്റു മതങ്ങളിലെന്നപോലെ ഇസ്ലാമിലും നവോത്ഥാനമാണ്. പാശ്ചാത്യ കൊളോണിയൽ നവോത്ഥാനത്തിന്റെ യുക്തി ആദ്യകാല നവോത്ഥാനം മാത്രമല്ല പിൽക്കാല നവോത്ഥാനവും പിന്തുടരാൻ തുടങ്ങി. ദൈവമില്ലെന്നു വാദിക്കുന്ന യുക്തിവാദം മതത്തിനു പുറത്തെന്നപോലെ ദൈവമുണ്ടെന്നു സ്ഥാപിക്കുന്ന യുക്തിവാദം മതത്തിനകത്തും പ്രബലമായി. പാൻ ഇസ്ലാമിസവും രാഷ്ട്രീയ ഇസ്ലാമും കടന്നുവരുന്നത് സാംസ്കാരികമായി പൊള്ളയാക്കപ്പെട്ട മനസ്സുകളിലേക്കാണ്.

കോഴിക്കോട് മൂന്ന് മതങ്ങളാണ് ഉള്ളതെന്നു പറയാറുണ്ട്. ഫുട്ബോളും ഗസലും നാടകവും. ഈ മൂന്നിന്റേയും രക്ഷാകർതൃത്വം മുസ്ലിംകൾക്കായിരുന്നു. മുസ്ലിംകൾ പിൻവാങ്ങിയതോടെ ഇവ മൂന്നും കോഴിക്കോടില്ലാതായി എന്നു





തന്നെ പറയാം. കല്യാണത്തോട് അനുബന്ധിച്ചുള്ള ഒപ്പനമാത്രമല്ല, നോമ്പുകാലത്തെ മതപ്രസംഗ(വഅ്ള്)ങ്ങളും കൂടി അവസാനിച്ചതോടെ ഒരു സമൂഹത്തിന്റെ സാംസ്കാരികമായ ആവിഷ്കാരവും പങ്കാളിത്തവും പൂർണമായും അവസാനിക്കുകയാണ്. ഒരു വശത്തുകൂടി ആൾദൈവങ്ങളും മറുഭാഗത്തുകൂടി മൗലികവാദവും കടന്നുവരികയല്ലാതെ മറ്റെന്ത് ഗതിയും വിധിയും?

മതങ്ങൾ രാഷ്ട്രീയ വൽക്കരിക്കപ്പെടുന്നതിൽ നാം വെറും 'മതേതരവാദി'കളെപ്പോലെ ഇത്രമാത്രം ഉത്കണ്ഠപ്പെടേണ്ടതുണ്ടോ? ഇന്നലത്തെ രാഷ്ട്രീയമാണ് ഇന്നത്തെ മതം. ഇന്നത്തെ രാഷ്ട്രീയം ദുർബലമാകുമ്പോൾ പഴയ മതത്തിന് രണ്ടാമൂഴമുണ്ടാകുക സ്വാഭാവികം. മതത്തിന്റെ ഈ രണ്ടാം വരവ് രാഷ്ട്രീയമായി പ്രതിലോമകരമായാവാം, റാഡിക്കലായുമാവാം. ക്രിസ്ത്യാനികൾക്കിടയിലെ വിമോചന ദൈവശാസ്ത്രം പോലെ, അല്ലെങ്കിൽ ഹിന്ദുക്കൾക്കിടയിലെ സംഘപരിവാർ പോലെ. ഏതായാലുമത് നഷ്ടപ്പെട്ടുപോയ സാംസ്കാരിക വേരുകൾ അന്വേഷിക്കുന്നില്ലെങ്കിൽ സംസ്കാരവും രാഷ്ട്രീയവും തമ്മിലൊരു ഡയലറ്റിക്സ് അതന്വേഷിക്കുന്നില്ലെങ്കിൽ, ഹാ, കഷ്ടം!

ഈ സാംസ്കാരിക സന്ദർഭത്തിലേക്കാണ് 'സൂഫി പറഞ്ഞ കഥ'യിലെ ക്ഷണം പ്രസക്തമാകുന്നത്. പോരുന്നോ, കടലു കാണാൻ, പൊന്നാനിയിലേക്ക്? മതങ്ങൾ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളുടെയും മലയാളികളെന്ന നിലയിൽ മുസ്ലിംകൾ നടത്തിയ സാംസ്കാരികാന്വേഷണങ്ങളുടെയും കേന്ദ്രമാണ് പൊന്നാനി. തോറ്റു തൊപ്പിയിടുക എന്നൊരു പ്രയോഗമുണ്ട് മലയാളത്തിൽ. മതം മാറ്റം തോറ്റുപോയവർക്ക്, പ്രത്യേകിച്ചും ജാതീയമായി തോറ്റുപോയവർക്ക് പ്രത്യേകമായ സാമൂഹികാന്തസ്സ് നൽകി. അതിനർഥം അവർ മുഴുവനായി മറ്റൊരു മതത്തിലേക്ക് ജ്ഞാനസ്നാനം ചെയ്യപ്പെടുന്നുവെന്നല്ല. ഒരാൾ മതം മാറുമ്പോൾ മാധവിക്കുട്ടി കമലാ സുരയ്യാ ആയപ്പോൾ ചെയ്തതുപോലെ സ്വന്തം കൃഷ്ണനേയും കൂടെ കൊണ്ടുപോകുന്നു. സൂഫി പറഞ്ഞ കഥയിൽ കാർത്തി മുസ്ല്യാരോട് ചോദിക്കുന്നു: മതം മാറിച്ചിട്ട് ഉമ്മയാവില്ലാണ്ടാവോ മുസ്ല്യാരേ. മാമൂട്ടി തന്റെ ബീടർക്ക് പണിഞ്ഞു കൊടുത്തിട്ടുള്ള ദേവീകോവിലിലുള്ളത് അവരുടെ ഉമ്മ, അമ്മ ആണ്. ആ ദേവീ കോവിൽ അവർക്ക് പ്രാർഥിക്കാനല്ല. പക്ഷേ ഓർമിക്കാനാണ്. ഒരാൾ ജീവിക്കുന്നത് ഓർമയിലും കൂടിയാണല്ലോ. പാരമ്പര്യവും ആധുനികതയും തമ്മിൽ നടക്കേണ്ട ഗ്രേറ്റ് ഡയലോഗ് നഷ്ടപ്പെടുത്തിയ ജനതയും സമൂഹവുമാണ് നാം. അതുകൊണ്ടാണ് സാംസ്കാരികമായി നാമൊരു ആരുടേതുമല്ലാത്ത മണ്ണിൽ (No Man's Land)പ്പെട്ടുപോയതും.

അങ്ങനെയെങ്കിൽ ലൗ ജിഹാദിന്റെ പേരിൽ ഈയിടെ നടന്നതോ തുടർന്നു നടന്നു കൊണ്ടിരിക്കുന്നതോ ആയ കോലാഹലങ്ങളിൽ വല്ല അർഥവുമുണ്ടോ? മാറുന്നോർ മാറുന്നു, മാറ്റുന്നോരും മാറുന്നു. അതല്ലേ ലോകം? എന്ന് കാർത്തി. എങ്കിൽ മാമൂട്ടിമാരെ എന്തിന് കാർത്തിമാർ, അവരുടെ രക്ഷകർത്താക്കൾ ഭയപ്പെടണം? സ്വന്തം മക്കളെ കാർത്തിമാരായി വളർത്താത്തതു കൊണ്ടല്ലേ, കാർത്തിക്ക് പുതിയ മതത്തിലേക്ക് അവരുടെ സ്വന്തം കൃഷ്ണനെ കൂടെ കൊണ്ടുപോകാൻ കഴിയാത്തതു കൊണ്ടല്ലേ നമുക്ക് നമ്മുടെ ആത്മവിശ്വാസം നഷ്ടപ്പെടുന്നത്? അതിനു മാമൂട്ടിമാർ എന്തു പിഴച്ചു?

പൊള്ളയായ രാഷ്ട്രീയ ഇസ്ലാമിനെ വെറുതെ വിടുക. അത് അതിന്റെ സ്വാഭാവികമായ വിധി അഭിമുഖീകരിക്കട്ടെ. വേരുകൾ കൊണ്ട് ആഴത്തിലാഴത്തിൽ തപ്പാനും ചിറകുകൾ കൊണ്ട് ഉയരത്തിലുയരത്തിൽ തുഴയാനും കഴിയണം ഏതൊരു പ്രത്യയശാസ്ത്രത്തിനും പ്രസ്ഥാനത്തിനും. അതുകൊണ്ട് സാംസ്കാരിക ഇസ്ലാമിനെക്കുറിച്ചുള്ള ചർച്ച അടിയന്തരമായി മുസ്ലിം സമുദായത്തിന്റെ അജണ്ടയിൽ വരേണ്ടതുണ്ട്. രാഷ്ട്രീയ ഇസ്ലാമും സാംസ്കാരിക ഇസ്ലാമും തമ്മിൽ രൂപപ്പെട്ടുവരേണ്ട ഡയലറ്റിക്സിലാണ് ഇസ്ലാമിന്റെ ഭാവി, കേരളത്തിന്റേയും. സംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷം (Clash of Civilizations) പ്രവചിച്ചരൊരു നാഗരികതയെ സംസ്കാരങ്ങൾക്കിടയിൽ നടക്കേണ്ട സംവാദം (Dialogue among Civilizations) കൊണ്ടു നേരിടാനുള്ള ആത്മവിശ്വാസം പ്രകടിപ്പിച്ച ഒരു ജനതയ്ക്കും സമൂഹത്തിനും ഈ രാഷ്ട്രീയ-സാംസ്കാരിക വിവേകം ഉണ്ടാവും എന്നുതന്നെ ആശിക്കുക. ●